**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2688** **24-06-2024 - ൽ മറുപടിയ്ക്ക്**

**തീരക്കടൽ കപ്പൽ ഗതാഗതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ആന്റണി രാജു | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് തീരക്കടൽ കപ്പൽ ഗതാഗതം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി സാധ്യത പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് തീരക്കടൽ കപ്പൽ ഗതാഗതം വിവിധ കാരണങ്ങളാൽ സുഗമമായി നടത്തുവാൻ കഴിയാത്ത സാഹചര്യമായിരുന്നു നിലനിന്നിരുന്നത്. കേരള സംസ്ഥാനം അടിസ്ഥാനപരമായി ഒരു ഉപഭോക്തൃ സംസ്ഥാനമായതിനാൽ കേരളത്തിൽ നിന്ന് തിരികെ ചരക്ക് കൊണ്ടുപോകാനില്ല എന്നതായിരുന്നു ഇതിന് പ്രധാന കാരണം. എന്നാൽ വിഴിഞ്ഞം തുറമുഖം നിലവിൽവരുന്നത് തീരക്കടൽ കപ്പൽ ചരക്ക് ഗതാഗതത്തിന് ആക്കം കൂട്ടുമെന്ന് പ്രതീക്ഷിക്കുന്നു. 2023 ഒക്ടോബറിൽ മുംബൈയിൽ നടന്ന ഗ്ലോബൽ മാരിടൈം സമ്മിറ്റിൽ പങ്കെടുത്ത ഒരു ഷിപ്പിംഗ് കമ്പനി കേരള തീരത്ത് ചരക്ക് ഗതാഗതം പുനരാരംഭിക്കാൻ സന്നദ്ധമായി വന്നിട്ടുണ്ട്. സർവ്വീസ് നടത്തുന്നതിന് ആവശ്യമായ ചരക്കിന്റെ ലഭ്യത ഉറപ്പാക്കുവാൻ വിവിധ വ്യവസായ സംരംഭങ്ങളുമായി കണ്ണൂരിൽ വച്ച് കേരള മാരിടൈം ബോർഡ് യോഗം ചേർന്നിരുന്നു. കപ്പൽ ഗതാഗത കമ്പനിയുമായി തുടർ ചർച്ച നടത്തി തീരക്കടൽ കപ്പൽ ഗതാഗതത്തിന് കേരള മാരിടൈം ബോർഡ് നടപടി സ്വീകരിച്ചുവരുന്നു. കേരളത്തിലെ നോൺ മേജർ തുറമുഖങ്ങളെ ബന്ധിപ്പിച്ച് ക്രൂയിസ് ടൂറിസം നടപ്പിലാക്കുന്നതിന് കേരള മാരിടൈം ബോർഡ് നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി അടിയന്തരമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | സംസ്ഥാനത്ത് തീരക്കടൽ കപ്പൽ ഗതാഗതം വിവിധ കാരണങ്ങളാൽ സുഗമമായി നടത്തുവാൻ കഴിയാത്ത സാഹചര്യമായിരുന്നു നിലനിന്നിരുന്നത്. കേരള സംസ്ഥാനം അടിസ്ഥാനപരമായി ഒരു ഉപഭോക്തൃ സംസ്ഥാനമായതിനാൽ കേരളത്തിൽ നിന്ന് തിരികെ ചരക്ക് കൊണ്ടുപോകാനില്ല എന്നതായിരുന്നു ഇതിന് പ്രധാന കാരണം. എന്നാൽ വിഴിഞ്ഞം തുറമുഖം നിലവിൽവരുന്നത് തീരക്കടൽ കപ്പൽ ചരക്ക് ഗതാഗതത്തിന് ആക്കം കൂട്ടുമെന്ന് പ്രതീക്ഷിക്കുന്നു. 2023 ഒക്ടോബറിൽ മുംബൈയിൽ നടന്ന ഗ്ലോബൽ മാരിടൈം സമ്മിറ്റിൽ പങ്കെടുത്ത ഒരു ഷിപ്പിംഗ് കമ്പനി |

| | | | |
|---|---|---|---|
| | | | കേരള തീരത്ത് ചരക്ക് ഗതാഗതം പുനരാരംഭിക്കാൻ സന്നദ്ധമായി വന്നിട്ടുണ്ട്. സർവ്വീസ് നടത്തുന്നതിന് ആവശ്യമായ ചരക്കിന്റെ ലഭ്യത ഉറപ്പാക്കുവാൻ വിവിധ വ്യവസായ സംരംഭങ്ങളുമായി കണ്ണൂരിൽ വച്ച് കേരള മാരിടൈം ബോർഡ് യോഗം ചേർന്നിരുന്നു. കപ്പൽ ഗതാഗത കമ്പനിയുമായി തുടർ ചർച്ച നടത്തി തീരക്കടൽ കപ്പൽ ഗതാഗതത്തിന് കേരള മാരിടൈം ബോർഡ് നടപടി സ്വീകരിച്ചുവരുന്നു. കേരളത്തിലെ നോൺ മേജർ തുറമുഖങ്ങളെ ബന്ധിപ്പിച്ച് ക്രൂയിസ് ടൂറിസം നടപ്പിലാക്കുന്നതിന് കേരള മാരിടൈം ബോർഡ് നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ